പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3282

25.06.2012-ൽ മറുപടിക്ക്.

## കൊണ്ടോട്ടിയിൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേസ്സുകൾ കെട്ടിക്കിടക്കുന്നതിനാൽ നീതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി പുതുതായി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : (എ) & (ബി) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണവും നീതി ലഭിക്കാനുള്ള താമസവും കണക്കിലെടുത്ത് 10 മജിസ്ട്രേറ്റ് കോടതികളുൾപ്പെടെ പുതിയ കോടതികൾ തുടങ്ങുന്നതിനായി ഹൈക്കോടതി സമർപ്പിച്ച ഒരു മുൻഗണനാലിസ്റ്റ് സ.ഉ.(സാധാ) നമ്പർ:1919/2009/ആഭ്യന്തരം തീയതി 06.07.2009 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ കോടതികൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് സ്ഥാപിക്കാൻ നടപടികളെടുക്കുന്നതാണ്. |
| (സി) കൊണ്ടോട്ടി കേന്ദ്രമായി ഒരു ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ? | : (സി) കൊണ്ടോട്ടിയിൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ